ഹദീസ്

പി.എ സൈനുദ്ദീൻ

# നേതാവിന്റെ അടുപ്പക്കാർ

وَعَنْ أَبِي سَعِيدٍ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: مَا بَعَثَ اللَّهُ مِنْ نَبِيٍّ وَلَا اسْتَخْلَفَ مِنْ خَلِيفَةٍ إِلَّا كَانَتْ لَهُ بِطَانَتَانِ: بِطَانَةٌ تَأْمُرُهُ بِالْمَعْرُوفِ وَتَحُضُّهُ عَلَيْهِ وَبِطَانَةٌ تَأْمُرُهُ بِالشَّرِّ وَتَحُضُّهُ عَلَيْهِ وَالْمَعْصُومُ مَنْ عَصَمَهُ اللَّهُ (رَوَاهُ الْبُخَارِيّ)

**അബൂസഈദിൽനിന്ന്. റസൂൽ (സ) പറഞ്ഞു: 'അല്ലാഹു ഒരു നബിയെ നിയോഗിക്കുകയോ ഖലീഫയെ ചുമതലപ്പെടുത്തുകയോ ചെയ്യുമ്പോൾ രണ്ടാലൊരു പരിവാരവൃന്ദം അദ്ദേഹത്തിനൊപ്പം ഉണ്ടാകും. ഒരു പരിവാരവൃന്ദം നന്മ കൽപിക്കുന്നവരും അതിനു പ്രേരിപ്പിക്കുന്നവരുമാണ്. മറ്റേ പരിവാരവൃന്ദം തിന്മ കൽപിക്കുകയും അതിന് പ്രേരണ നൽകുന്നവരുമായിരിക്കും. അല്ലാഹു ആരെ സുരക്ഷിതനാക്കിയോ അവൻ സുരക്ഷിതനായി' (ബുഖാരി).**

വളരെ അടുത്ത ബന്ധമുള്ള സഹചാരിയെയാണ് ബിത്വാനത്ത് എന്ന് അറബിയിൽ പറയുക. എല്ലാ കാര്യങ്ങളിലും ഇടപെടാൻ സ്വാതന്ത്ര്യമുള്ള, രഹസ്യപരസ്യങ്ങൾ അറിയാവുന്ന മനസ്സാക്ഷി സൂക്ഷിപ്പുകാരാണവർ. ഭരണാധികാരികളോടും സംഘടനാ നേതാക്കളോടും എല്ലായ്പ്പോഴും ഒട്ടിനിൽക്കാൻ അവസരം ലഭിക്കുന്ന, ചിലപ്പോൾ അവരുടെ ആനുകൂല്യങ്ങൾ പറ്റി ജീവിക്കുന്ന ആളുകൾ. രണ്ടു തരക്കാരുണ്ട് അക്കൂട്ടർ. ഒരു വിഭാഗം ഉപകാരികളാണെങ്കിൽ മറ്റൊരു വിഭാഗം ഉപദ്രവകാരികളാണ്.

തനിക്കും തന്റെ ആദർശ പ്രസ്ഥാനത്തിനും തലവേദനയായി മാറാൻ സാധ്യതയുള്ളവരെ തങ്ങളുടെ പാർശ്വവർത്തികളാക്കരുതെന്ന് സൂറഃ *ആലുഇംറാനിൽ* (സൂക്തം 118) അല്ലാഹു വിശ്വാസികൾക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. നബി (സ) പറഞ്ഞു: 'ഒരുവൻ തന്റെ ഉറ്റയാളുടെ ദീനനുസരിച്ചായിരിക്കും ചലിക്കുക; അതിനാൽ ആരെയാണ് ഉറ്റ ചങ്ങാതിയായി സ്വീകരിക്കേണ്ടതെന്ന് ഓരോരുത്തരും ആലോചിച്ചുകൊള്ളട്ടെ.'

പ്രവാചകന്മാരുടെ കർമമണ്ഡലത്തിൽ അവർക്ക് താങ്ങും തണലുമായി വർത്തിക്കുന്ന, അവരുടെ പ്രവർത്തനങ്ങൾക്ക് ഊർജം പകരുന്ന അനുഗൃഹീതവിഭാഗം അനുയായിവൃന്ദത്തിലുണ്ടാവാറുണ്ട്. കുടുക്കിലോ കുഴിയിലോ ചാടിക്കാൻ ശ്രമിക്കുന്ന അനുയായി/പരിചാരകവൃന്ദങ്ങളും അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നതായി പ്രവാചക ചരിത്രങ്ങൾ നമുക്ക് പറഞ്ഞുതരുന്നു. ഗുണകാംക്ഷികളെന്ന് തെറ്റിദ്ധരിപ്പിച്ച് പ്രവാചകനുമായും അനുയായികളുമായും ചങ്ങാത്തം കൂടി ചതിയിലൂടെയും കുതന്ത്രത്തിലൂടെയും കുഴപ്പങ്ങളുണ്ടാക്കി ഇസ്‌ലാമിന്റെ നിലനിൽപിന് ഭീഷണി ഉയർത്തിയ പരിചാരകരാണ് കപട വിശ്വാസികൾ. നേതാക്കളെ, ഭരണാധികാരികളെ വഴിതെറ്റിക്കുന്നവരും കുറവൊന്നുമല്ല. വളരെ ഗൗരവതരമാണിത്. സൂക്ഷ്മത കാണിക്കേണ്ടത് ഉന്നത സ്ഥാനങ്ങളിലിരിക്കുന്നവരാണ്. വളഞ്ഞ വഴികളിലൂടെ അധികാരികളെ തെളിച്ച് കൊണ്ടുപോയി ആപത്ത് വരുമ്പോൾ ചാടി രക്ഷപ്പെടുന്നവരും അക്കൂട്ടത്തിലുണ്ട്. പ്രത്യക്ഷത്തിൽ അടുത്ത അനുയായികളാണെങ്കിലും, അവരുടെ നീക്കങ്ങൾ സദുദ്ദേശ്യപരമാണെന്ന് തോന്നാമെങ്കിലും, അത്തരക്കാരുടെ സമീപനത്തിൽ അമിത ജാഗ്രത പുലർത്തേണ്ടതുണ്ട്. പ്രവാചകന്മാരെ സംബന്ധിച്ചേടത്തോളം അല്ലാഹുവിന്റെ സംരക്ഷണം ഏതാണ്ടെല്ലാ സാഹചര്യങ്ങളിലും ലഭ്യമാണ്. ബനുൽ മുസ്ത്വലഖ് ഗോത്രത്തിലേക്ക് സകാത്ത് പിരിക്കാൻ പോയ വലീദുബ്നു ഉഖ്ബയുടെ അശ്രദ്ധ കൊണ്ട് ഉണ്ടാകുമായിരുന്ന വൻ ദുരന്തം സർവശക്തന്റെ സാന്ദർഭികമായ ഇടപെടൽ, മുസ്‌ലിം സമൂഹത്തെ ഒന്നടങ്കം ഒരു യുദ്ധത്തിലേക്ക് വലിച്ചിഴക്കുന്നതിൽനിന്ന് രക്ഷിക്കുകയുണ്ടായി.

ഈയൊരു ആനുകൂല്യം മുസ്‌ലിം ഭരണാധികാരികൾക്കോ സംഘടനാ നേതൃത്വത്തിനോ തരപ്പെട്ടുകൊള്ളണമെന്നില്ല. അവരുടെ ഉൾക്കണ്ണ് ശരിയാംവിധം തുറന്നുവെച്ച് കാര്യങ്ങളെ നിയന്ത്രിച്ചില്ലെങ്കിൽ ദീർഘദൃഷ്ടിയില്ലാത്ത അനുയായികളെക്കൊണ്ടുള്ള പ്രശ്നങ്ങൾ നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കും. അതിലൂടെ സംഭവിക്കുന്ന പരിക്ക് വളരെ സാരമുള്ളതായിരിക്കും. സംഘടനകളുടെയോ സ്ഥാപനങ്ങളുടെയോ കുഞ്ചിക സ്ഥാനങ്ങളിലിരിക്കുന്നവരെ ദുരുപയോഗം ചെയ്യുന്ന അടുപ്പക്കാരായ അനുയായികൾ ആത്മാർഥതയുള്ള സേവനദാതാക്കളായി വേഷം കെട്ടിയിറങ്ങാറുണ്ട്. സ്വാർഥബുദ്ധികളായ ചെവിയിലോത്തുകാരുടെ അഭിപ്രായങ്ങൾ ഇടംവലം നോക്കാതെ അപ്പടി സ്വീകരിക്കുന്ന ശൈലി നേതൃത്വത്തിന്റെ ദൗർബല്യമല്ലാതെ മറ്റൊന്നുമല്ല. ആ സ്ഥാനത്തിരിക്കാൻ അവർ അയോഗ്യരുമായിരിക്കും.

നേതാവിനോട് ഗുണകാംക്ഷ കാണിക്കുക എന്നാൽ, അദ്ദേഹത്തിന്റെ ഉത്തരവാദിത്ത നിർവഹണത്തിൽ ഋജുവും സുഗമവുമായ മാർഗം കാണിച്ചുകൊടുക്കൽ കൂടിയാണ്. അടുത്ത അനുയായികളുടെ ഒന്നാമത്തെ ബാധ്യതയാണത്. നേതൃത്വവുമായി നിരന്തരം ബന്ധപ്പെടുന്ന ഈ അടുത്ത അനുയായികൾക്ക് ചില ഉത്തരവാദിത്തങ്ങളുണ്ട്. ഒരാളെ അമിത പ്രാധാന്യം നൽകി നേതാവാക്കി തലയിലേറ്റി നടക്കുമ്പോൾ, അനുയായികളെ ആ വ്യക്തി നയിച്ച് എവിടെ കൊണ്ടെത്തിക്കും, അതിന്റെ പരിണതി എന്തായിരിക്കും എന്നുകൂടി ആലോചിക്കുന്നത് നന്നായിരിക്കും. ●

**തിരുത്ത്**

2021 ഒക്ടോബർ ഒന്ന് ലക്കം *പ്രബോധനം* ഹദീസ് പംക്തിയിൽ, ഹദീസിലെ ഒരു വാക്യത്തിന്റെ പരിഭാഷ വിട്ടുപോയിരിക്കുന്നു. വിട്ടുപോയ ഭാഗം: 'ഈസാ! ഞാൻ തീർച്ചയായും താങ്കൾക്കു ശേഷം ഒരു സമുദായത്തെ നിയോഗിക്കുന്നതായിരിക്കും. തങ്ങൾക്ക് പ്രിയങ്കരമായത് സംഭവിച്ചാൽ അവർ സ്തുതിക്കുകയും നന്ദി പ്രകാശിപ്പിക്കുകയും ചെയ്യും......

*എഡിറ്റർ*